(സി) ഷോളയാർ സ്കീം ഇൻവെസ്റ്റിഗേഷൻ തുടങ്ങിയത് 1952 ഒക്ടോബറിലാണ്. പെരിങ്ങൽക്കുത്ത് വലത്തുഭാഗം പ്രോജക്ടിന്റെ (അതായത് ഒരു കൊമ്പൻ സ്കീം) സ്റ്റോറേജ് സർവ്വേജോലികൾ ഇൻഡ്യാ ഗവണ്മെന്റിൽനിന്നും 1947-ൽ പൂർത്തിയാക്കി. അതിനെ തുടർന്നുള്ള ജോലികൾ 1953-ലും 1954-ലും നടത്തപ്പെട്ടു. രണ്ടു പദ്ധതികളുടേയും ഇൻവെസ്റ്റിഗേഷൻ ജോലികൾ ഇപ്പോൾ പൂർത്തിയായിട്ടുണ്ട്.

(ഡി) ഈ രണ്ടു പദ്ധതികളും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

* 581. (35) ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

ഈ വർഷത്തിൽ പുതുതായി എത്ര എൻ. ഇ. എസ്. ബ്ലോക്കുകൾ തുടങ്ങുന്നുണ്ട്; എവിടെ എല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : അഞ്ച് (5) കഴക്കൂട്ടം, റാന്നി, ചങ്ങനാശേരി, ആയ്യാട്ട്, തൈക്കാറ

ഗ്രാഡുവേറ്റധ്യാപകന്മാർ.

* 582. (37) ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ എത്ര ഗ്രാഡുവേറ്റധ്യാപകന്മാരെ ഈ വർഷം മൂന്നാംഗ്രേഡിൽനിന്നും രണ്ടാംഗ്രേഡിലേയ്ക്കു പ്രമോട്ട ചെയ്തിട്ടുണ്ട്;

(ബി) തിരുവിതാംകൂറിലെത്ര; കൊച്ചിയിലെത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1-4-1955 മുതൽ ഗ്രാഡുവേറ്റധ്യാപകന്മാർക്ക് രണ്ടു ഗ്രേഡുമാത്രമേയുള്ളൂ.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

മന്ത്രിമാരുടെ ശമ്പളവും, യാത്രപ്പടിയും, അലവൻസുകളും.

* 583. [40]. ശ്രീ. കെ. കുഞ്ഞമ്പി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955 ഫെബ്രുവരി 15-ാം തീയതിക്കുശേഷം ഓരോ മന്ത്രിമാരും വാങ്ങിയിട്ടുള്ള ശമ്പളം, യാത്രപ്പടി, മറ്റലവൻസുകൾ ഇവ എത്ര;

(ബി) പ്രസ്തുത തീയതിക്കുശേഷം ഏതെല്ലാം മന്ത്രിമാർ സംസ്ഥാനത്തിനു പുറത്തു് ഏതേതു സ്ഥലങ്ങളിൽ പോയിട്ടുണ്ടെന്നും ഏതേതാവശ്യങ്ങൾക്കെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly